TB Movie Panel Recommendation

Raid (2018)

1980കളിൽ ഉത്തർപ്രദേശിലെ MP യും മുൻ MLA യും രാജ്യത്തെ സ്റ്റീൽ വ്യാപാരിയും ആയ ഒരു പ്രമുഖ വ്യക്തിയുടെ വീട്ടിൽ നടന്ന റെയ്ഡ് ആണ് രാജ്യത്തെ ഏറ്റവും വലിയ റെയ്ഡ് ആയി അറിയപ്പെടുന്നത്. ഈ യഥാർത്ഥ സംഭവത്തെ അടിസ്ഥാനമാക്കി രാജ് കുമാർ ഗുപ്ത ഒരുക്കിയ ഒരു മികച്ച ചിത്രമാണ് RAID.

IRS ഉദ്യോഗസ്ഥനായ അമേയ് പട്നായിക്ക് തന്റെ നാല്പത്തി ഒൻപതാമത് ട്രാൻസ്ഫറും വാങ്ങിയാണ് ലക്നൗവിൽ ഡെപ്യൂട്ടി കമ്മിഷണർ ഓഫ് ഇൻകം ടാക്സ് ആയി എത്തുന്നത്. ഒരു ദിവസം അദ്ദേഹത്തിനെ ആ നാട്ടിലെ MP യുടെ കള്ള പണത്തെ കുറിച്ചു ആരോ പേര് വെളിപ്പെടുത്താതെ വിളിച്ചു അറിയിക്കുന്നു. തുടർന്ന് പല ക്ലൂകളും നൽകി വിവരത്തിന്റ ആധികാരികതയിൽ ഉറപ്പ് കൊടുക്കുന്നു.ഈ റെയ്ഡ് അപകടം പിടിച്ചതാണ് പരാജയപ്പെട്ടാൽ ജോലി പോലും നഷ്ടപ്പെടാം എന്ന് ഓർമിപ്പിച്ചു കൊണ്ടു ഉന്നത അധികാരി റെയ്ഡ് നു അനുമതി കൊടുക്കുന്നു.പിറ്റേന്ന് രാവിലെ ഓഫീസിൽ നിന്ന് പുറപ്പെട്ട് MP യായ രമേശ്വർ സിംഗ് ന്റെ white house എന്നറിയപ്പെടുന്ന വീട്ടിൽ എത്തുന്നത് വരെ സഹപ്രവർത്തകർ പോലും റെയ്ഡ് എവിടെയാണെന്ന് അറിയുന്നില്ല. റെയ്ഡ് തുടങ്ങി ഒരുപാട് മണിക്കൂറുകൾ പിന്നിട്ടപ്പോഴും കണക്കിൽ പെടാത്ത യാതൊന്നും കണ്ടെത്താൻ അമേയ് പാട്ടായിക്ക് നു കഴിയുന്നില്ല.
എന്നാൽ ചില അപ്രതീക്ഷിത സംഭവങ്ങളിലൂടെ സിനിമ മുന്നോട്ട് പോകുന്നു.. ചിത്രത്തിന്റെ ഏറ്റവും മികച്ച സീനുകളിൽ ഒന്നാണ് ഇന്ദിരാ ഗാന്ധിയെ കാണിക്കുന്ന രംഗം, അതിന്റ തീവ്രത കണ്ടു തന്നെ തിരിച്ചറിയേണ്ട ഒന്നാണ്. അജയ് ദേവ്ഗണ്ണിന്റെ നായക വേഷത്തിനൊപ്പമോ ഒരു പടി മുകളിലോ നിൽക്കുന്ന കഥാപാത്രമായിരുന്നു സൗരഭ് ശുക്ലയുടെ രമേശ്വർ സിംഗ് എന്ന പ്രതിനായക കഥാപാത്രം.